"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ പരിയാരം ഗ്രാമപ്പഞ്ചായത്തിൽ ടെൻഡർ നടപടികൾ പാലിക്കാതെ ക്വട്ടേഷൻ ക്ഷണിച്ച് കുടിവെള്ള വിതരണം നടത്തിയത് - ഗ്രാമ പഞ്ചായത്തിന്റെ തനത്/വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്

സ.ഉ.(സാധാ) നം.463/2026/LSGD തീയതി,തിരുവനന്തപുരം, 23-02-2026

---

പരാമർശം:- 1. 19/02/2024-ലെ സ.ഉ(സാധാ)നമ്പർ 405/2024/എൽഎസ്ജിഡി
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 26/01/2026 - ലെ LSGD/PD/9/2026 DPLC2 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ പരിയാരം ഗ്രാമപ്പഞ്ചായത്തിൽ ചുടല അമ്മാനപ്പാറ - പാച്ചേനി - തിരുവട്ടൂർ റോഡ് മെക്കാഡം ടാറിംഗ് നടക്കുന്ന വേളയിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈനുകൾ പൊട്ടി കുടിവെള്ള വിതരണം തടസ്സപ്പെടുകയും കുടിവെള്ള വിതരണം നടത്തേണ്ട അടിയന്തര സാഹചര്യം ഉണ്ടായതിനാൽ കുടിവെള്ളക്ഷാമം നേരിട്ട ടി പ്രദേശത്ത് ടെൻഡർ നടപടികൾ പാലിക്കാതെ ക്വട്ടേഷൻ ക്ഷണിച്ച് 03/05/2024 മുതൽ 25/05/2024 വരെയുള്ള കാലയളവിൽ കുടിവെള്ളവിതരണം നടത്തുകയുണ്ടായി.

2. കുടിവെള്ള വിതരണം ആക്ഷേപങ്ങൾക്കിടവരുത്താതെ കരാറുകാരൻ പൂർത്തീകരിക്കുകയും 2024-25 വാർഷികപദ്ധതിയിൽ പ്രോജക്ട് നമ്പർ 294/2024-2025 ആയി 3,10,000/- രൂപ അടങ്കൽ തുക വകയിരുത്തി ഗ്രാമപ്പഞ്ചായത്ത് പദ്ധതി ഏറ്റെടുത്തുവെങ്കിലും നിലവിൽ ഒരു ലക്ഷത്തിന് മുകളിൽ അടങ്കലുള്ള പദ്ധതി ടെൻഡർ നടപടികളിലൂടെ മാത്രമേ ചെലവഴിക്കാൻ സാധിക്കൂ എന്നതിനാൽ 3,00,817/- രൂപയുടെ ചെലവ് ചെയ്യുന്നതിനുള്ള അനുമതിക്കായി കോ-ഓർഡിനേഷൻ കമ്മിറ്റി മുമ്പാകെ സമർപ്പിക്കാൻ പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ച് അപ്രകാരം നടപടി സ്വീകരിച്ചെങ്കിലും സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് മേൽ അപേക്ഷ പ്രിൻസിപ്പൽ ഡയറക്ടർക്ക് സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുകയുണ്ടായി.

3. തുടർന്ന് ടെൻഡർ നടപടികൾ പാലിക്കാതെ കുടിവെള്ളവിതരണം നടത്തിയത് മാപ്പാക്കി 2,93,024/- രൂപ (രണ്ടുലക്ഷത്തി തൊണ്ണൂറ്റി മുവായിരത്തി ഇരുപത്തിനാല് രൂപ മാത്രം) മേൽപ്രവൃത്തിയുടെ തുക പഞ്ചായത്ത് ഫണ്ടിൽനിന്നും ചെലവ് ചെയ്യുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിനുള്ള പ്രത്യേകാനുമതിക്കായി ഉചിതമാർഗ്ഗനെയുള്ള അപേക്ഷ, ഭരണസമിതി തീരുമാനം, കരാർ ഉടമ്പടികൾ,

വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് ,ജി.പി.എസ് റിപ്പോർട്ട് എന്നിവ പ്രകാരം കണ്ണൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ട് സഹിതം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ പരിയാരം ഗ്രാമപ്പഞ്ചായത്തിൽ ചുടല അമ്മാനപ്പാറ - പാച്ചേനി - തിരുവട്ടൂർ റോഡ് മെക്കാഡം ടാറിംഗ് നടക്കുന്ന വേളയിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈനുകൾ പൊട്ടി കുടിവെള്ള വിതരണം തടസ്സപ്പെടുകയും കുടിവെള്ളവിതരണം നടത്തേണ്ട അടിയന്തര സാഹചര്യം കണക്കിലെടുത്ത് പരിയാരം ഗ്രാമപഞ്ചായത്ത് ടെൻഡർ നടപടികൾ പാലിക്കാതെ ക്വട്ടേഷൻ ക്ഷണിച്ച് 03/05/2024 മുതൽ 25/05/2024 വരെയുള്ള കാലയളവിൽ കുടിവെള്ള വിതരണം ചെയ്തതിന് ചെലവായ 2,93,024/- രൂപ, പദ്ധതി തുകയിലും പരാമർശം (1) ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള തുകയിലും അധികരിക്കാത്തതിനാലും കുടിവെള്ളവിതരണം നടത്തേണ്ട അടിയന്തര സാഹചര്യം കണക്കിലെടുത്തും അപ്രകാരം കുടിവെള്ള വിതരണം ചെയ്ത നടപടി സാധൂകരിച്ചുകൊണ്ടും മേലിൽ മാനദണ്ഡങ്ങൾ പാലിച്ചുമാത്രമേ കുടിവെള്ളം വിതരണം ചെയ്യാവു എന്ന നിബന്ധനയോടും കുടിവെള്ളവിതരണത്തിനു ചെലവായ 2,93,024/- രൂപയുടെ ചെലവിന്റെ ആധികാരികത പരിയാരം ഗ്രാമപഞ്ചായത്തു സെക്രട്ടറി ഉറപ്പാക്കേണ്ടതാണെന്ന നിബന്ധനയോടെയും പരാമർശിത സർക്കാർ ഉത്തരവിലെ മറ്റു വ്യവസ്ഥകൾക്ക് വിധേയമായും തുക ഗ്രാമപഞ്ചായത്തിന്റെ തനത്/വികസനഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരിയാരം ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, പരിയാരം ഗ്രാമപഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് 1/ആഡിറ്റ് 2), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഒഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shaija R M
സെക്ഷൻ ഓഫീസർ
Date: 23-02-2026 16:40:23